The Cochin Absolute Privilege Bill

As the mover Mr. V. V. Ananthapadmanabha Ayyar was absent his motion to introduce the bill was considered withdrawn.

Resolutions on matters of General Public Interest (*contd.*)

46. Power to issue permits (*contd.*)

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ,—എക്സൈസ് ഡിപ്പാർട്ടുമെണ്ടിനെ ബാധിക്കുന്ന ചരക്കുകളെ ഞാൻ എന്റെ പ്രമേയത്തിൽ ഉദ്ദേശിച്ചിട്ടില്ല. നാളികേരം, കയറുമുതലായി നമ്മുടെ രാജ്യത്തിലെ ഉല്പന്നങ്ങളം തിരുവിതാംകൂർ അതുത്തിയിൽകൂടി കൊണ്ടുപോകുന്നതിനു രഹദാരി ആവശ്യമാണ്. അതു താലൂക്കാപ്പീസ്സിൽനിന്നും വാങ്ങണമെന്നുള്ള നിയമം ജനങ്ങൾക്കു അസഹനീയമായ ബുദ്ധിമുട്ടിനും കഷ്ടപ്പാടിനും ഇടയാകുന്നു. അതിനെ പരിഹരിക്കുന്നതിനായിട്ടാണ് വില്ലേജുദ്യോഗസ്ഥന്മാക്കൊ പഞ്ചായത്തു പ്രസിഡെണ്ടുമാക്കൊ ആ അധികാരം കൊടുക്കണമെന്നു ഈ പ്രമേയം ആവശ്യപ്പെടുന്നതു്. ഇന്നലെ എക്സൈസ് മെമ്പർ പറഞ്ഞ മറുപടിയിൽനിന്നും കഞ്ഞാവ് പുകയില മുതലായ ആരുചരക്കുകളെയാണ് ഞാൻ പ്രമേയത്തിൽ ഉദ്ദേശിച്ചിരിക്കുന്നതെന്നു അദ്ദേഹം ധരിച്ചതായി മനസ്സിലാകുന്നു. ഞാൻ അങ്ങിനെ ഉദ്ദേശിച്ചിട്ടില്ല. നാളികേരം, കയർ മുതലായ സാധനങ്ങളം മറുരാജ്യത്തുകളിൽകൂടി കൊണ്ടുപോകുന്നതിനുള്ള രഹദാരിയെയാണ് ഞാൻ ഉദ്ദേശിച്ചിരിക്കുന്നതു. ബ്രിട്ടീഷിൽ അംശാധികാരികളാണ് ഇങ്ങിനെയുള്ള ചരക്കുകൾക്കു രഹദാരി കൊടുക്കുന്നതു. ആ സ്ഥിതിക്കു നമ്മുടെ വില്ലേജ ഉദ്യോഗസ്ഥന്മാക്കു ഈ അധികാരം കൊടുക്കുന്നതിൽ യാതൊരു ദോഷവും ഗവമ്മെണ്ടിനു വരാനില്ല. പുകയില, കഞ്ഞാവു മുതലായ ചരക്കുകളെ സംബന്ധിച്ചു ഞാൻ അശേഷം ആവശ്യപ്പെട്ടിട്ടില്ല. പ്രമേയത്തിൽ വേണമെങ്കിൽ വിശദപ്പെടുത്തുന്നതിനും എനിക്കു വിരോധമില്ല. വില്ലേജ ഉദ്യോഗസ്ഥന്മാക്കു സ്റ്റാറസ് പോരെന്നു ഒരു വാദം ഗവമ്മെണ്ടു ഭാഗത്തുനിന്നും കൊണ്ടുവരികയുണ്ടായി. ഗവമ്മെണ്ടു മെമ്പർ മറെറ ചരക്കുകളെ സംബന്ധിച്ചായിരുന്നിരിക്കണം ആ വാദവും പുറപ്പെടുവിച്ചതു്. അതു എന്തും ആകട്ടെ. വില്ലേജ് ഉദ്യോഗസ്ഥന്മാരുടെ നിയമനം സംബന്ധിച്ചു് ആ ഉദ്യോഗസ്ഥൻ സ്ഥലത്തെ ഒരു പ്രധാനിയും മാനിനുമായിരിക്കണമെന്നു കൂടി ഒരു നിബന്ധന റെവന്യു ഡിപ്പാർട്ടുമെണ്ടു് നിയമത്തിലുണ്ടെന്നാണ് എന്റെ അറിവു. ഒരു വില്ലേജിലെ അനവധിപണം നികുതിയായി പിരിച്ചു് പല ഉത്തരവാദിത്വങ്ങളും വഹിക്കേണ്ടിയിരിക്കുന്ന ഒരു വില്ലേജ ഉദ്യോഗസ്ഥനു് ഈ രഹദാരി കൊടുപ്പാൻവേണ്ട സ്റ്റാറസ് ഇല്ലെന്നു പറയുന്നതു യുക്തമാണെന്നു എനിക്കു തോന്നുന്നില്ല. അതു കൊണ്ടു ഗവമ്മെണ്ടിനു ഒരു നഷ്ടവും ഇല്ലാത്തതും ജനങ്ങൾക്കു വ

LIBRARY ARCHIVES Kerala Legislative Assembly